(ഡി) ഏലത്തിന്റെ ആവശ്യകതയും വിപണിയിലെ ലഭ്യതയുമനുസരിച്ച് വിപണി വിലയിൽ ചെറിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായി കാണുന്നു.

2016 ജനുവരി 23-ന് അവസാനിക്കുന്ന ആഴ്ചയിലെ കണക്കുപ്രകാരം ഏലത്തിന്റെ വില കിലോയ്ക്ക് 575.90 രൂപയായിരുന്നത് ജനുവരി മാസം 31-ന് അവസാനിക്കുന്ന ആഴ്ച കിലോയ്ക്ക് 618.94 ആയി ഉയരുകയും ഫെബ്രുവരി മാസം ഇപ്പോഴത്തെ വില കിലോയ്ക്ക് 548.96 ആയി കുറയുകയും ചെയ്തിട്ടുണ്ട്.

(ഇ&എഫ്) ഇപ്പോൾ പരിഗണനയിലില്ല.

മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം

169 (1544) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 20-1-2016-ൽ കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തീരുമാനങ്ങളിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) മാമം നാളികേര കോംപ്ലക്സിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാമം നാളികേര കോംപ്ലക്സിന്റെ പൂർണ്ണ ചുമതല നൽകി ഒരു ജനറൽ മാനേജരെ നിയമിച്ചിട്ടുണ്ട്. മാമം നാളികേര കോംപ്ലക്സിൽ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ നിർമ്മാണ കമ്പനിയായ മോസൻസിന്റെ തൊഴിലാളികളെ ഉപയോഗപ്പെടുത്തി 6 മാസത്തേക്ക് പ്ലാന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പംതന്നെ കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ നിയമിക്കുന്ന ജീവനക്കാർക്ക് പരിശീലനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം വെർജിൻ കോക്കനട്ട് ഓയിൽ ആഭ്യന്തര വിപണിയിലും വിദേശത്തും വിപണനം നടത്തുന്നതിന്റെ സാദ്ധ്യതാപഠനവും നടത്തി വരുന്നു.

(ഡി) നിലവിൽ മൂന്ന് ജീവനക്കാരുണ്ട്. ഇതുകൂടാതെ രണ്ട് സെക്യൂരിറ്റി ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

1. ജനറൽ മാനേജർ
2. ലേബർ ഓഫീസർ (കരാറടിസ്ഥാനത്തിൽ)
3. ഡ്രൈവർ/പ്യൂൺ (കരാറടിസ്ഥാനത്തിൽ)
4. സെക്യൂരിറ്റി ജീവനക്കാർ (ഏജൻസി മുഖാന്തരം).

കർഷക ആത്മഹത്യ

170 (T1545) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട് 59 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ആത്മഹത്യ ചെയ്ത കർഷകർ
1	2
തിരുവനന്തപുരം	4
കൊല്ലം	-
പത്തനംതിട്ട	1

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly